LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ലയിലെ എൽ.ഡി.സി. നിയമനം സംബന്ധിച്ച്

11 (1833) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നടപ്പ് സാമ്പത്തിക വർഷം നിയമിച്ചു എന്നറിയിക്കാമോ ;

(ബി) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. വേക്കൻസികളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) 2015-16 സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ എത്ര എൽ.ഡി.സി. ഒഴിവുകളാണ് ഇതുവരെ നിലവിൽ വന്നത് ; ഇതിൽ എത്ര വിരമിക്കൽ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-3-2015-ൽ നിലവിൽ വന്ന കോട്ടയം എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും ഈ സാമ്പത്തികവർഷം 30 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 1-3-2011-ലെ G.O. (P) No. 19/2011/WRD സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതിനാലും ആയത് വിവിധ വകുപ്പുകളിലെ എൽ.ഡി.സി. തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതകളിൽനിന്നും വ്യത്യസ്തമായതിനാലും ടി ലിസ്റ്റിൽനിന്നും നികത്താൻ കഴിയുകയില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.